മാതൃഭൂമി

18 July 2021

## കടൽ പായലിൽ നിന്ന് ഔഷധം:

# സി.എം.എഫ്.ആർ.ഐ. ഗവേഷകന് ദേശീയ പുരസ്കാരം

### സി.എം.എഫ്.ആർ.ഐ.ക്ക് നാല് പുരസ്കാരങ്ങൾ

**കൊച്ചി▸** കടൽ പായലിൽ നിന്ന് ജീവിതശൈലീ രോഗങ്ങൾക്കുള്ള ഔഷധം വികസിപ്പിച്ചതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ കാജൽ ചക്രവർത്തിക്ക് ദേശീയ അംഗീകാരം. പ്രമേഹമുൾപ്പെടെയുള്ള രോഗങ്ങൾക്കുള്ള മരുന്നുകളാണ് വികസിപ്പിച്ചിട്ടുള്ളത്.



ഡോ. കാജൽ ചക്രവർത്തി

കാർഷിക-കർഷക ക്ഷേമ മന്ത്രാലയത്തിലെ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) ശാസ്ത്രജ്ഞർക്കുള്ള ഏറ്റവും ഉയർന്ന പുരസ്കാരമായ 'നോർമൻ ബോർലോഗ്' ദേശീയ പുരസ്കാരമാണ് ലഭിച്ചത്.

അഞ്ചു വർഷത്തിലൊരിക്കലാണിത് നൽകുക. 10 ലക്ഷം രൂപയാണ് സമ്മാനം. ഗവേഷണ പദ്ധതിക്ക് അഞ്ചു വർഷത്തേക്ക് ഒന്നര കോടി രൂപ ഗ്രാന്റും ലഭിക്കും.

സന്ധിവേദന, ടൈപ്പ്-2 പ്രമേഹം, അമിതവണ്ണം, അമിത രക്തസമർദം, തൈറോയ്ഡ്, ഓസ്റ്റിയോ ആർത്രൈറ്റിസ് എന്നീ ജീവിതശൈലീ രോഗങ്ങൾക്ക് ഫലപ്രദമായ ഉത്പന്നങ്ങൾ കടൽ പായലിൽ നിന്ന് വികസിപ്പിച്ചത് അദ്ദേഹത്തിന്റെ പ്രധാന ഗവേഷണ നേട്ടങ്ങളിൽ പെടുന്നു.

കോവിഡിന്റെ വരവോടെ വികസിപ്പിച്ച, രോഗപ്രതിരോധശേഷി കൂട്ടാൻ സഹായിക്കുന്ന ഇമ്യൂൺ-ബൂസ്റ്ററാണ് ഒടുവിലായി ഡോ. കാജൽ വികസിപ്പിച്ചത്.

ഇതുൾപ്പെടെ, ഐ.സി.എ.ആറിന്റെ 93-ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പുരസ്കാരങ്ങളിൽ നാലെണ്ണം സി.എം.എഫ്.ആർ.ഐ.ക്ക് ലഭിച്ചു.

മികച്ച ഡോക്ടറൽ പ്രബന്ധത്തിന് നൽകുന്ന 'ജവഹർലാൽ നെഹ്റു പുരസ്കാരം' സി.എം.എഫ്.ആർ.ഐ.യിൽ ഗവേഷക വിദ്യാർത്ഥിയായ ഡോ. ഫസീന മക്കാറിനാണ്. ഔദ്യോഗിക ഭാഷാനയം മികവോടെ നടപ്പിലാക്കിയതിന് 'രാജർഷി ടാൻഡൻ രാജ്ഭാഷ' പുരസ്കാരവും സി.എം.എഫ്.ആർ.ഐ. നേടി. മികച്ച ഹിന്ദി മാഗസിനുള്ള 'ഗണേഷ ശങ്കർ വിദ്യാർത്ഥി' പുരസ്കാരം സി.എം.എഫ്.ആർ.ഐ.യുടെ ഹിന്ദി മാഗസിനായ 'മത്സ്യഗന്ധ'യ്ക്കാണ്.

ഓൺലൈനായി സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്ര കൃഷിമന്ത്രി നരേന്ദ്രസിങ് തോമർ പുരസ്കാരങ്ങൾ വിതരണം ചെയ്തു.